# ഉപഭോക്തൃ സംരക്ഷണ സമിതി രൂപീകരണവും പ്രവർത്തനവും

ഒരു കൺസ്യൂമർ ന്യൂസ് ബുക്ക് ക്ലബ്ബ് പ്രസിദ്ധീകരണം

*ഉപഭോക്തൃ വിദ്യാഭ്യാസത്തിനായി*
*പ്രസിദ്ധീകരിക്കുന്നു.*

---

കൺസ്യൂമർന്യൂസ്ബുക്ക്ക്ലബ്ബ്എടൂർ.പായം-670704
ഫോൺ: 049849-475

---

സംഭാവന 2 രൂപ

പ്രിയ ഉപഭോക്തൃസുഹൃത്തുക്കളെ,



1950 മുതൽ ഇന്ത്യയിൽ ഉപഭോക്താവിന്റെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള സംഘടിത പ്രവർത്തനങ്ങൾ നിലവിലുണ്ടായിരുന്നു. പണം കൊടുത്ത് വാങ്ങുന്ന സാധനത്തിനോ സേവനത്തിനോ വാങ്ങുമ്പോഴോ, നേടുമ്പോഴോ ഉണ്ടാകുന്നപരാതികൾക്ക് മാത്രമല്ല മാർക്കററിൽ സാധനങ്ങൾക്ക് അമിതമായി വില വർദ്ധിപ്പിച്ചപ്പോഴും, സാധനങ്ങളുടെ ദൗർലഭ്യം ഉണ്ടായപ്പോഴും ഉപഭോക്താക്കൾ പ്രതികരിച്ചുവന്നു. എന്നാൽ 1986 ൽ ഇന്ത്യയിൽ ഉപഭോക്തൃ സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്നതോടുകൂടി ഉപഭോക്താക്കൾക്ക് നിയമപരമായി സംഘടിക്കുവാനും സാധിച്ചു.

ഏതൊരു സാധാരണക്കാരനും, അവന്റെ അവകാശങ്ങൾ നേടിയെടുക്കാൻ ഒന്നായി കൂട്ടമായി സംഘടിക്കേണ്ടതിന്റെ ആവശ്യവും, എങ്ങിനെയാണ് സമിതികൾ രൂപീകരിക്കേണ്ടതെന്ന വിവരവും എല്ലാവരിലേക്കും എത്തിക്കുക എന്നതാണ് നോസർ–ഇന്ത്യയുടെ നേതൃത്വത്തിൽ (നാഷണൽ ഓർഗനൈസേഷൻ ഫോർ കൺസ്യൂമർ എഡ്യൂക്കേഷൻ ആന്റ് റിസേർച്ച് പായം-670704)പ്രസിദ്ധീകരിക്കുന്ന ഈ ലഘുപുസ്തകത്തിന്റെഉദ്ദേശ്യം. ഒരു സമിതി എത്ര അവികസിതമായ സ്ഥലത്തും ആരംഭിക്കുന്നതിനും, പ്രവർത്തിക്കുന്നതിനും എന്തൊക്കെ വിവരങ്ങൾ വേണോ ആയത് ഈ പുസ്തകംവഴി നൽകുവാൻ ഞങ്ങൾ ശ്രമിച്ചിരിക്കുന്നു ഈ പുസ്തകത്തെക്കുറിച്ച് ആർക്കെങ്കിലും എന്തെങ്കിലുംനിർദ്ദേശങ്ങൾ ഉണ്ടെങ്കിൽഎന്നെ എഴുതി അറിയിക്കുവാനും ആയത് അടുത്ത പതിപ്പിൽ ചേർക്കുന്നതുമാണ്. ഭാരതത്തിലെ ഉപഭോക്തൃ പ്രസ്ഥാനം ദൃഢമാക്കുവാൻ വേണ്ടി അക്ഷീണം പ്രവർത്തിക്കുന്ന എല്ലാ ഉപഭോക്തൃ പ്രവർത്തകരുടെയും മുമ്പിൽ സവിനയം ഈ പുസ്തകം സമർപ്പിക്കുന്നു.

*എം. വി. മാത്യു*
പ്രസിഡണ്ട്, നോസർ-ഇന്ത്യ



# ഉപഭോക്തൃ സംരക്ഷണ സമിതികളുടെ രൂപീകരണവും പ്രസക്തിയും

പണ്ടു കാലത്ത് ഗ്രാമതല സമ്പദ്‌വ്യവസ്ഥയിൽ ഉപഭോക്തൃ സംരക്ഷണം എളുപ്പമായിരുന്നു, കാരണം സാധനങ്ങളുടെ ഉല്പാദനവും വിപണനവും പ്രാദേശികതലത്തിലായിരുന്നു. അതുകൊണ്ടുതന്നെ ഗ്രാമനിവാസികൾക്ക് അവയെക്കുറിച്ചുള്ള അറിവുണ്ടായിരുന്നു. അതുപൊലെ ഉല്പാദകനും സാധനങ്ങളുടെ ഗുണമേന്മയിൽ തൽപ്പരനായിരുന്നു. അല്ലാത്തപക്ഷം അത് വില്ക്കാൻ സാദ്ധ്യമായിരുന്നില്ല, അതുപോലെ തന്നെ കച്ചവടക്കാർ മായം ചേർക്കാനും തയ്യാറായിരുന്നില്ല.

പക്ഷെ വിദേശീയ ഭരണം വന്നതോടെ നല്ല സാധനങ്ങൾ അവർക്കും ഗുണനിലവാരം കുറഞ്ഞവ നമുക്കും എന്ന സ്ഥിതി വന്നു. കൂടാതെ വിദേശങ്ങളിൽ നിന്നുംഅവർക്ക് വേണ്ടാത്തതെല്ലാം ഇവിടെ വിൽപ്പനയ്ക്കായി കൊണ്ടുവരപ്പെട്ടു. ഇതോടെ അന്നത്തെ ജനങ്ങൾക്ക ഗുണം നോക്കി വാങ്ങാനുള്ള സ്വാതന്ത്ര്യം നഷ്ടപ്പെട്ടു. ''വാങ്ങുന്നവർ സൂക്ഷിക്കുക'' എന്ന നില വന്നു അങ്ങിനെ തത്വദീക്ഷയില്ലാത്ത വിൽപ്പനക്കാരിൽ നിന്നും സംരക്ഷണമില്ലാതായി

ക്രമേണ നമുക്ക് സ്വാതന്ത്ര്യം കിട്ടി. ഇൻഡ്യൻ സാധനങ്ങൾ കടകളിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങി. ഗതാഗതം വർദ്ധിച്ചതോടെ മററു സ്ഥലങ്ങളിൽ നിർമ്മിക്കുന്നതും ഉല്പാദിപ്പിക്കുന്നതുമായ സാധനങ്ങൾ ധാരാളം പ്രാദേശിക കടകളിൽ ലഭ്യമായി ഒരിടത്തുല്പാദിപ്പിച്ചവ മററ് സ്ഥലങ്ങളിൽ വില്ക്കാമെന്നായതോടെ ഉല്പാദകന് ഗുണമേന്മയിൽ താത്പ്പര്യമില്ലാതായി. കൂടാതെ ഏതു കമ്പനിയിൽ ഉണ്ടാക്കിയവയ്ക്കും ഒരേ വില എന്ന തോത് വന്നതോടെ ഉപഭോക്താക്കൾക്ക് വിലയുടെ അടിസ്ഥാനത്തിൽ ഗുണമേന്മ നോക്കി തിരഞ്ഞെടുക്കുവാനുള്ള അവസരവും നഷ്ടപ്പെട്ടു. ഉദാഹരണത്തിന് സോപ്പുകളുടെ കഥ തന്നെ നോക്കാം അങ്ങനെ ഉല്പാദകനും വിൽപ്പനക്കാരനും ഉപഭോക്താവും തമ്മിൽ ബന്ധമില്ലാതായി കൂടാതെ ശക്തിയായ തെററിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ സാധാരണക്കാരെ വലക്കുന്നതു കാ

ണാം. ആധുനിക കാലത്തെ ദൈനംദിന ജീവിതത്തിൽ ഒഴിച്ചുകൂടാൻ പററാത്ത ഇലക്ട്രോണിക്ക് ഉപകരണങ്ങളെക്കുറിച്ചുള്ള അജ്ഞതമൂലം ഉയർന്ന വിദ്യാഭ്യാസമുള്ളവർ പോലും വിഷമിക്കുന്നതുകാണാം. സൗജന്യമായി നൽകുന്ന പാരിതോഷികങ്ങളും സമ്മാനങ്ങളും വീടുകൾ തോറും കയറി ഇറങ്ങി നടത്തുന്ന വില്പനകളും നമ്മെ നട്ടം തിരിക്കുന്നു. വലിയ അക്ഷരങ്ങളിൽ എഴുതിവച്ച് ചെറിയ അക്ഷരങ്ങളിൽ കൂടി എടുത്തുകളയുന്ന ഗ്യാരണ്ടി വാറൻറ് വ്യവസ്ഥകൾ നമ്മളെ ഞെട്ടിക്കുന്നു. ഒന്നര ലക്ഷം രൂപ കൊടുത്ത് വാങ്ങുന്ന കാറിൻെറ ബാററിക്ക് ഗ്യാരൻറി ഒരാഴ്ച്ച ആയിരിക്കും. അതുപോലെ പാററ നക്കാത്ത വസ്ത്രം വാങ്ങുമ്പോൾ പാററ നക്കിയ ദ്വാരങ്ങൾ ധാരാളമായി കാണാം.

ലോകത്തിൽ വെച്ച് ഏററവും അധികം നിയമങ്ങൾ (4000) ഉള്ളത് നമ്മുടെ രാജ്യത്താണ്. അതുപോലെ അവ നടപ്പാക്കുന്ന ഏററവും കുറഞ്ഞ തോതും ഇൻഡ്യയിലാണ്

ഏററവും അധികം ഗതാഗതനിയമങ്ങൾ ഇൻഡ്യയിൽ ഉണ്ടെങ്കിലും, വാഹനങ്ങളുടെ എണ്ണത്തിൻെറ ശതമാനം വെച്ചു നോക്കുമ്പോൾ ഏററവും അധികം അപകടനിരക്കും ഇന്ത്യയിലാണെന്നുകാണാം

അതുപോലെ കൈക്കൂലിക്കെതിരെയുള്ള നിയമങ്ങളുടെ എണ്ണത്തിലെ പെരുപ്പവും ഏററവും അധികം കൈക്കൂലിയും ഇന്ത്യയിൽത്തന്നെ.

ഇതിൽനിന്നും മനസിലാക്കേണ്ടത് നല്ല നിയമങ്ങൾ ഒരു സൽഭരണമുള്ള ഗവൺമെൻറിന് പകരമാകുന്നില്ല. ഇന്ന് നമ്മുടെ നാട്ടിൽ നിലവിലുള്ള നിയമങ്ങളധികവും ഭരിക്കുന്നവരുടെ സൗകര്യത്തിനും നിലനിൽപ്പിനും വേണ്ടി വിധേയമാക്കപ്പെട്ടവയാണ്. സാധാരണക്കാർക്കുവേണ്ടി നിയമനിർമ്മാണം നടക്കുന്നില്ല.

## ബാക്കിമാത്രമാകുന്ന പ്രശ്നങ്ങൾ

അമേരിക്കയിൽ 100 ശതമാനം ഉൽപ്പന്നങ്ങളും തപാൽ ഒഴികെയുള്ള സേവനങ്ങളും സ്വകാര്യമേഖലയിലായതിനാൽ, കമ്പോളങ്ങളിലും കടകളിലും കടുത്ത മത്സരം മൂലം നല്ല വിഭവങ്ങളും സേവനങ്ങളും ലഭ്യമാകുന്നു.



പക്ഷെ ഭാരതത്തിൽ 100 ശതമാനം സേവനങ്ങളും 70% വിഭവങ്ങളും പൊതുമേഖലയിൽ ഷെൽട്ടേഡ് മാർക്കററിലായതിനാൽ, അതുകൊണ്ടുതന്നെ ഭാരതത്തിൽ ഉപഭോക്താക്കൾക്ക് പ്രശ്നങ്ങൾ മാത്രമാണ് ബാക്കി. ഉദാ:റയിൽവേ, ട്രാൻസ്പോർട്ട് ഫോൺ, ഇലക്ട്രിസിററി, റേഷനിംഗ് തുടങ്ങിയവ.

ഈ അവസരത്തിൽ ചില നിയമങ്ങൾ ഉപഭോക്തൃ സംരക്ഷണത്തിന് ഉപയോഗിക്കാമെന്ന് കാണാം; ഇൻഡ്യൻ പീനൽ കോഡ് സെക്ഷൻ 264, 265, 276, 267, 272, 273, 274, 275, 276 അനുസരിച്ച് മായം ചേർക്കൽ, അളവ്, തൂക്കവെട്ടിപ്പ് എന്നിവക്കെതിരെ കേസ്സെടുക്കാൻ അനുവദിക്കുന്നുണ്ടെങ്കിലും ഇന്നേവരെ ഈ വകുപ്പുകളനുസരിച്ച് ഒരുകേസ്സെങ്കിലും എടുത്തിട്ടില്ല എന്നത് ആശ്ചര്യകരവും ഖേദകരവുമാണ്. ഇതിന് മൂന്നു കാരണങ്ങളുണ്ട്. (1) ഈ വകുപ്പുകൾ പ്രവർത്തികമാക്കാൻ ബന്ധപ്പെട്ട അധികാരികളുടെ വിമുഖതയും വൈമനസ്യവും. (2) ഈ വകുപ്പനുസരിച്ച് നൽകുന്ന തുച്ഛമായ ശിക്ഷയെ കച്ചവടക്കാർ ഭയപ്പെടുന്നില്ല. ഒരാളെ കൊന്നാലും പരോളിലിറങ്ങി നടക്കാമെന്ന ഇന്നത്തെ വ്യവസ്ഥിതിയിൽ കുററം ചെയ്യാൻ ആരും മടിക്കില്ല. [3] ശിക്ഷ നടപ്പാക്കാനുള്ള സംവിധാനത്തിൻെറ അഭാവം മൂലം നിയമം ഉണ്ടായിട്ടും കാര്യമില്ലാത്ത സ്ഥിതി. അതുകൊണ്ട്, അങ്ങിങ്ങായി പല നിയമത്തിലും അടങ്ങിയിട്ടുള്ള ഉപഭോക്തൃ സംരക്ഷണ വകുപ്പുകൾ നിഷ്ക്രിയമായിരിക്കുന്നതുകാണാം. ഉദാഹരണത്തിന് ഇൻഡ്യൻ കോൺട്രാക്ററ് [1972] നിയമവും സാധന വിൽപ്പന നിയമവും (1930)

ആയതിനാൽ മററ് രാജ്യങ്ങളിലെപ്പോലെ ഉപഭോക്തൃ സംരക്ഷണത്തിന് പ്രത്യേക നിയമങ്ങൾ ഉണ്ടാക്കാൻ തുടങ്ങി വർദ്ധിച്ചു വരുന്ന ആവശ്യങ്ങൾ, ജനസംഖ്യാ വർദ്ധന, വില്പനക്കാരന് സംരക്ഷണം നൽകുന്ന മാർക്കററ് വ്യവസ്ഥകൾ ഏററവും കുറഞ്ഞ സാക്ഷരതാ നിരക്ക്, അസംഘടിത ഉപഭോക്താക്കൾ എന്നിവയും നിയമ നിർമ്മാണത്തിന് പ്രേരകമായി.

അതിൻ ഫലമായി 1940-ൽ മരുന്ന് കോസ്മെററിക്ക്സ് നിയമം
1952-ൽ ഇൻഡ്യൻ സ്റ്റാൻഡേർഡ്സ് നിയമം
1954-ൽ ഭക്ഷണത്തിൽ മായം ചേർക്കൽ തടയൽ നിയമം
1955-ൽ അത്യാവശ്യ സാധന നിയമം

1955-ൽ പഴ ഉല്പ്പന്ന ഓർഡർ
1956-ൽ അളവു തൂക്ക നിയമം
1968-ൽ കീടനാശിനി നിയമം
1975-ൽ പാക്കറ്റിലാക്കിയ ഉല്പ്പന്ന നിയന്ത്ര ഓർഡർ എന്നിവ പാസ്സാക്കി

പക്ഷെ ഈ നിയമങ്ങൾ നടപ്പാക്കാൻ ഏകീകൃത ഏജൻസികൾ ഇല്ലാതെ പല അധികാരികളെ ഏൽപ്പിച്ചതിന്റെ ഫലമായി ഇവയുടെ വീര്യം നഷ്ടപ്പെട്ടു. പാചകക്കാരുടെ എണ്ണം കൂടും തോറും സദ്യ മോശമാകുമെന്ന് പറയുന്നതുപോലെയാണിത്. ഏററവും ഒടുവിലായി നിർമ്മിക്കപ്പെട്ട "തുണികളുടെ (ഉപഭോക്തൃ സംരക്ഷണ) നിയന്ത്രണ ഉത്തരവ് 1988" നടപ്പിലാക്കാനുള്ള ചുമതല പോലീസിനും സിവിൽ സപ്ലൈയ്സ് ഉദ്യോഗസ്ഥൻമാർക്കുമാണെന്നു ആർക്കറിയാം.

കൂടാതെ, മുകളിൽ പറഞ്ഞിരിക്കുന്ന നിയമങ്ങളെല്ലാം നിയമലംഘനം നടത്തുന്നവരെ ശിക്ഷിക്കുവാൻ മാത്രം ഉദ്ദേശിച്ചിട്ടുള്ളതായിരുന്നു. ഉപഭോക്താക്കൾക്ക് യാതൊരു പരിഹാരവും കിട്ടിയിരുന്നില്ല. അതായത് മായം ചേർത്ത മരുന്ന് വിററ ആളെ ശിക്ഷിക്കുമെങ്കിലും അത് വാങ്ങിക്കഴിച്ച് കഷ്ടപ്പാട് അനുഭവിക്കുന്നവർക്ക് പരിഹാരം ഒന്നും ലഭ്യമായിരുന്നില്ല

ഈ പ്രശ്നപരിഹാരത്തിനുവേണ്ടി 1969-ൽ എം. ആർ. ടി. പി. നിയമം (കുത്തക. നിയന്ത്രിത വ്യാപാരരീതി നിയമം) പാസാക്കി. പലപ്പോഴായി ഭേദഗതികൾ വരുത്തിക്കൊണ്ടിരിക്കുന്ന ഈ നിയമത്തിൽ, 1984-ൽ അവിഹിത കച്ചവട രീതികളെയും (യു. ടി. പി.) ചേർക്കപ്പെട്ടു. ഇതിന്റെ ഫലമായി തെററായതും, കൃത്രിമമായതും വഞ്ചിക്കപ്പെടുന്നതുമായ എല്ലാത്തരത്തിലുമുള്ള പ്രതിനിധീകരണങ്ങളും, ഒരംശമെങ്കിലും ചതിപ്രയോഗമുള്ളതുമായ വിൽപ്പനകളും കച്ചവടത്തെ പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി നടത്തുന്ന ചതിപ്രയോഗങ്ങളടങ്ങിയ മൽസരങ്ങളും, സമ്മാന പാരിതോഷികങ്ങൾ നൽകലും വില വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള എല്ലാ രീതികളും കുററകരമാണ്. ഈ നിയമത്തിലെ സെക്ഷൻ 12എ അനുസരിച്ച് പരാതിക്കാരന് നഷ്ടപരിഹാരം കിട്ടാനുള്ള അർഹത ഉണ്ടായിരിക്കുമെന്നതാണ് കാതലായ ഭാഗം. പക്ഷെ മററെല്ലാ നിയമങ്ങളെയുംപോലെ, ശരിയായ വിധത്തിൽ ഇത് നടപ്പിലാക്കാനുള്ള ഒരു ഏജൻസിയുടെ അഭാവത്തിൽ. ഉപഭോക്



താക്കൾക്ക് ഉദ്ദേശിച്ച ഫലം കിട്ടുന്നില്ല. കൂടാതെ ഇതിന്റെ പരിധിയിൽനിന്നും ഗവൺമെൻറിനെയും, പൊതുമേഖലയേയും സൊസൈററികളേയും ഒഴിവാക്കിയതിനാൽ ഇത് പല്ലില്ലാത്ത നിയമമെന്ന് അറിയപ്പെടുന്നു. അതിന്റെ ഫലമായി ഭൂരിപക്ഷം വ്യാപാരികളെയും ഇതിന്റെ പരിധിക്കുപുറത്താക്കി സംരക്ഷണം നൽകിയിരിക്കുകയാണ്. പാവം ഉപഭോക്താവ് വീണ്ടും പരാധീനതകൾക്കടിമപ്പെട്ടു.

അങ്ങനെയിരിക്കെ, ഉപഭോക്തൃസംരക്ഷണത്തിന് ഒരു സമ്പൂർണ്ണ നിയമം ഉണ്ടാകേണ്ടതിന്റെ ആവശ്യകത, ഉപഭോക്തൃസമിതികൾ ഗവൺമെൻറിനെ ബോധ്യപ്പെടുത്തിയതിന്റെ ഫലമായി 1986-ൽ ഉപഭോക്തൃ നിയമം പാസാക്കി.

ഉപഭോക്തൃ സംരക്ഷണ നിയമത്തിന്, ഗവർമേണ്ട്, അർദ്ധസർക്കാർ, പൊതുമേഖല, സൊസൈററി എന്നിവയുടെ പ്രവർത്തനങ്ങളിൽ ഇടപെടാമെങ്കിലും അത് "ഫ്ളൈ ഇൻ ദി ഓയിൻറ്മെൻറ്" എന്നപോലെ ഫലത്തിൽ പ്രയോജനരഹിതമായി കാണാം. ഇതിലെ പൊരുത്തക്കേട് അഥവാ വൈരുദ്ധ്യം മനസിലാക്കാൻ പററാത്ത ഒന്നാണ്. അതായത് ഗവൺമെൻറ് തരുന്ന സേവനങ്ങൾക്കും വിഭവങ്ങൾക്കും എതിരായി നമ്മളെ രക്ഷിക്കാൻ ഗവൺമെൻറുതന്നെ നിയമം കൊണ്ടുവരുന്നു. ഇതനുസരിച്ച് ഗവൺമെൻറിനെതിരെ കേസ് കൊടുക്കാൻ പററില്ല എന്നില്ല. കേസെടുക്കാൻ പററായ്കയുമില്ല. പക്ഷെ 90 ശതമാനത്തോളം സേവനങ്ങളും ഉൽപ്പന്നങ്ങളും ഗവൺമെൻറ് തരുമ്പോൾ അതിനെല്ലാമെതിരെ കേസ് കൊടുക്കുവാൻ സാധിക്കുമോ? അതിന് ഫലമുണ്ടാകുമോ? ഒരു കിലോമീററർ ദൂരം ബസിൽ സഞ്ചരിക്കാൻ 18 പൈസ മതിയെന്ന് ഗവൺമെൻറ് പറയുമ്പോൾ, ഈ നിരക്കിൽ സഞ്ചരിക്കാൻ പററുമോ? ഉപയോഗിക്കാത്ത വൈദ്യുതിക്ക് ചാർജ് ഈടാക്കുന്നതിനെതിരെ നമുക്ക് എന്ത് ചെയ്യാൻ കഴിയുന്നു. പോലീസ് വാഹനാപകടമുണ്ടാകുമ്പോൾ അനന്തരഫലമെന്ത്? അതേപോലെ അത്യാവശ്യ ഉൽപ്പന്ന നിയമമനുസരിച്ച് വിൽക്കപ്പെടേണ്ട കരിഞ്ചന്തയിൽ മാത്രം ലഭ്യമാകുമ്പോൾ, എന്തുചെയ്യാൻ കഴിയും?

നിയമമനുസരിച്ച് ഉപഭോക്താക്കളുടെ തർക്കങ്ങളിൽ പരിഹാരം കണ്ടെത്താൻ, ഇന്ത്യയൊട്ടാകെ മൂന്നുതട്ടിലുള്ള ഒരു സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. ഇതിന്റെ കാതലായ ഭാഗം അംഗീകൃത ഉപഭോക്തൃ സംരക്ഷണ സമിതികൾക്കും സംഘടനകൾക്കും.

ഉപഭോക്താക്കൾക്ക് നീതി ലഭിക്കുന്നതിനുവേണ്ടി, ഇതിനുവേണ്ടി സ്ഥാപിച്ചിട്ടുള്ള ഫോറങ്ങളെ സമീപിക്കാമെന്നുള്ളതാണ്. അതായത് മററൊരാളുടെ പരാതിക്ക് നീതി ലഭിക്കുവാൻ ഇടപെടാനുള്ള അധികാരം നേടിയെടുത്തിരിക്കുന്നു. അങ്ങിനെ കഴിവില്ലാത്ത ഒരു ഉപഭോക്താവിന്, ഉപഭോക്തൃ സംഘടനവഴി യാതൊരു ചിലവുമില്ലാതെ ഫലപ്രദമായ നീതി ലഭിക്കുവാൻ കഴിയുന്നു.

ഉപഭോക്താവിന്റെ നിർവചനങ്ങൾ [a] പ്രതിഫലം നൽകി ഉല്പന്നങ്ങൾ വാങ്ങുന്ന ഒരാളും [b] അത് വാങ്ങാതെ തന്നെ ഉപയോഗിക്കുന്നയാളും [c] പ്രതിഫലം നൽകി സേവനങ്ങൾ സ്വീകരിക്കുന്ന ഒരാളും (d) സേവനത്തിന്റെ ഗുണഭോക്താവും ഉൾപ്പെടുന്നു, അതുപോലെ സേവനം എന്നാൽ ഉപഭോക്താക്കൾക്ക് നൽകപ്പെടുന്ന ഏതുതരത്തിലുള്ള സേവനവും എന്നർത്ഥമാകുന്നു

ഈ നിയമം ഫലവത്താകണമെങ്കിൽ അംഗീകൃത ഉപഭോക്തൃ സംഘടനകൾ രണ്ട് കാര്യങ്ങളിൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. [എ] ഫോറങ്ങളിൽ കേസ്സുകൾ കടന്നുകൂടാതിരിക്കൽ [ബി) ഉപഭോക്തൃ തർക്കപരിഹാര ഫോറങ്ങളിൽ നിയമിക്കപ്പെടുന്നവർക്ക് ശരിയായ യോഗ്യതകൾ ഉണ്ട് എന്ന് ഉറപ്പ് വരുത്തൽ ഇതിനുവേണ്ടി ധാരാളം പൊതു ജനങ്ങൾക്ക് ഗുണം ലഭിക്കുന്ന തർക്കങ്ങൾ മാത്രം ഫോറത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുകയും വ്യക്തിപരമായവ ഫോറത്തിനു പുറത്ത് പരിഹരിക്കാൻ ശ്രമിക്കുകയുമാണ് വേണ്ടത്. ഇതിന് മധ്യമങ്ങളുടെ സഹകരണവും പ്രതീക്ഷിക്കാവുന്നതാണ്. ഇങ്ങനെ ഫോറത്തിൽ വരുന്ന തർക്കങ്ങൾ നിയന്ത്രിക്കാൻ സാധിച്ചില്ലങ്കിൽ മററു കോടതികളിലെപ്പോലെ ഇവിടെയും കേസ്സുകൾ കുന്നുകൂടുകയും പ്രധാനപ്പെട്ട കേസ്സുകൾക്ക് സമയം കണ്ടെത്താൻ കഴിയാതെ വരികയും ചെയ്യും ഇത് മൂലം ഉപഭോക്താക്കൾ നിരാശയ്ക്ക് അടിമപ്പെടേണ്ടിവരും അങ്ങനെ നിയമവും നിർവീര്യമായി ഫലപ്രദമല്ലാതാകാം

ശരിയായ യോഗ്യതയില്ലാത്തവരെ രാഷ്ട്രീയവും മററ് തരത്തിലുള്ള പരിഗണനകൾ നൽകി ജില്ലാ ഫോറങ്ങളിലും സംസ്ഥാന ദേശീയ കമ്മിഷനുകളിലും നിയമിക്കപ്പെടാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ ഫോറങ്ങളുടെ പ്രവർത്തനങ്ങളിൽ അധികാരികൾ ഇടപെടുമ്പോൾ സ്വാതന്ത്രവും നീതിപൂർവ്വകവുമായ പ്രവർത്തനങ്ങൾ നടത്താൻ പററാതാകുന്നു. ഫോറങ്ങളുടെ പ്രവർത്തനങ്ങൾ സ്തംഭിപ്പിക്കുവാൻ സംസ്ഥാന ഗവൺമെൻറുകൾ ശ്രമിക്കുന്നു എന്നത് അത്യന്തം ഖേദകരമാണ്.



നിയമത്തിലെ വ്യവസ്ഥകൾ പ്രാബല്യത്തിലുള്ള മററുനിയമങ്ങളോടൊപ്പം കൂട്ടിച്ചേർക്കപ്പെട്ടിട്ടുള്ളവയായി കരുതപ്പെടണം; അല്ലാതെ അവയെ ഒഴിവാക്കികൊണ്ടുള്ളവയായിട്ടല്ല എന്നത് ശ്രദ്ധിക്കപ്പെടേണ്ടതാണ്. പരാതികൾ, സേവനങ്ങളിലെ പോരായ്മകളെക്കുറിച്ചാകാം സെക്ഷൻ 2 ജി അനുസരിച്ച് ന്യൂനതയെന്നാൽ ഏതെങ്കിലും തകരാറ്, അപൂർണ്ണത, നിയമാനുസൃതമോ, കരാറനുസരിച്ചോ ഉറപ്പ് നൽകിയിട്ടുള്ള പ്രവർത്തന രീതിയിലെ ഗുണം, കഴിവ്, ശുദ്ധി, നിലവാരം ഇവയിലേതെങ്കിലുമുള്ള കുറവ് എന്നർത്ഥമാകുന്നു. കൂടാതെ സെക്ഷൻ 2 ഒ അനുസരിച്ച് സേവനത്തിന് വളരെ വിപുലമായ വ്യാഖ്യാനം. നാഷണൽ കമ്മീഷൻ നൽകിയിട്ടുണ്ട്. അവയിൽ പ്രധാനമാണ് റെയിൽയാത്രക്കാരെയും ടെലിഫോൺ ഉപഭോക്താക്കളെയും ഇതിൽപ്പെടുത്തിയത് അതേപോലെ ഇൻഷ്യൂറൻസിനെ സംബന്ധിച്ചിടത്തോളം തീരുമാനങ്ങൾ എടുക്കാൻഉണ്ടാകുന്ന കാല താമസവും പോരായ്മയിൽ പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഉദ്ദേശം തക്ക സമയത്ത് ഇൻഷ്യൂറൻസ് കമ്പനികൾക്ക് സൗകര്യമുള്ളപ്പോൾ തുക നൽകുക എന്നതല്ലെന്ന് ഓർക്കുന്നത് നന്നായിരിക്കും. അനീതിപരമായി പോളിസി നിഷേധിക്കുമ്പോൾ ഉണ്ടാകുന്ന മാനസിക പ്രയാസങ്ങൾക്കും നഷ്ടപരിഹാരം ലഭ്യമാണ്. ഇൻഷ്യൂറൻസ് തുക തരുവാൻ വൈകിക്കുന്ന കമ്പനികൾക്കെതിരെ "ടോർട്" നിയമമനുസരിച്ച് മാതൃകപരമായ നഷ്ടപരിഹാരത്തിന് നടപടികൾ എടുക്കാവുന്നതാണ്.

ചൂഷണം ചെയ്യപ്പെടുന്ന ഉപഭോക്താക്കളുടെ സംരക്ഷണത്തിനുവേണ്ടി, ഉപഭോക്തൃ പ്രസ്ഥാനം പ്രവർത്തിക്കുന്നതിനാൽ, ഏതുതലത്തിൽ നിന്നും ഇതിനുള്ള ശ്രമങ്ങൾ ആരംഭിക്കണമെന്നുള്ളത് അതിപ്രധാനമാണ്. ഒരു ക്ഷേമ രാഷ്ട്രമായ ഇൻഡ്യയിൽ പ്രധാനപ്പെട്ട മിക്ക പൊതുജന സേവനങ്ങളും ഗവൺമെണ്ട് തലത്തിലും, നിയന്ത്രണത്തിലുമുള്ള കുത്തകാവകാശമുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ തരുന്നതുകൊണ്ട്, പലപ്പോഴും അവർ എടുക്കുന്ന തീർപ്പുകൾ ഉപഭോക്താക്കൾക്ക് ദോഷകരവും, ഹാനികരവുമായിത്തീരുന്നു. ഉദാഹരണത്തിന് അശാസ്ത്രീയമായ വൈദ്യുതി, ബസ്, ട്രെയിൻ; തപാൽനിരക്കുകൾ കൂടാതെ, കുത്തകാവകാശമുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉത്പ്പാദിപ്പിക്കപ്പെടുന്ന ഉത്പ്പന്നങ്ങൾ മാൽസര്യത്തിന്റെ അഭാവത്തിൽ ഉപഭോക്തൃ താൽപ്പര്യങ്ങളെ ചവിട്ടിമെതിച്ചുകൊണ്ട് വളരെ താഴ്ന്ന നിലവാരം പുലർത്തുന്നു. ഈ സ്ഥാപനങ്ങൾക്ക് നൽകുന്ന ഭാരിച്ച ചിലവുകൾ പൊതുജനങ്ങളുടേതായതുകൊണ്ട്, ഈ സ്ഥാപനങ്ങൾക്ക് പൊതുജനങ്ങളോട് കടപ്പാട് ഉണ്ടായിരിക്കേണ്ടതാണ്. പകരം അവരുടെ നിരുത്തരവാദപരമായ പ്രവർത്തികൾ ഉപഭോക്തൃ സമിതികൾ മൂലം ചോദ്യം ചെയ്യപ്പെടേണ്ടിയിരിക്കുന്നു. ഈ ഉത്തരവാദിത്വം പൊതുജന സഹകരണത്തോടെ ഉപഭോക്തൃ സംഘടനകൾ തക്ക സമയത്ത് നിറവേററാൻ തയ്യാറാകാതെ വന്നാൽ ഉണ്ടാകുന്ന വിപത്തുകൾ ആററം ബോംബിനെക്കാൾ ശക്തിയേറിയതായിരിക്കും. എല്ലാം തക്ക സമയത്ത് വേണ്ടതുപോലെ നിയന്ത്രിച്ചാൽ ഉപഭോക്താക്കളുടെ പരാതികൾ ഒരളവോളം ഇല്ലാതാകാം. അതിന ഉപഭോക്തൃ സംഘടനകൾ ഇടതടവില്ലാത്ത അനുസ്യൂ

തമായ ജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു.

നിയമത്തിലെ ന്യൂനതകളെക്കുറിച്ച് ഒരു വാക്ക് പറയട്ടെ, വകുപ്പ് 2(ഡി) 1-ം, 2-ം വകുപ്പ് 2 (ഒ) യും അനുസരിച്ച് ഈ നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കപ്പെട്ട കാര്യങ്ങളെയാണ് ഇതിൽ കൊടുത്തിരിക്കുന്നത് അതനുസരിച്ച് സർക്കാർ ആശുപത്രിയിൽ ലഭിക്കുന്ന സൗജന്യചികിൽസക്കെതിരെ പരിഹാരം കിട്ടിയില്ല അതുപോലെ എം. ആർ. ടി. പി നിയമം 3-ാം അദ്ധ്യായം 'എ' പാർട്ടിയിൽ സൂചിപ്പിക്കുന്ന ഉടമസ്ഥനോ അദ്ദേഹത്തിനുവേണ്ടിയോ പ്രതിനിധീകരിച്ചോ മറ്റൊരാൾ നടത്തുന്നതോ ആയ അനുചിത കച്ചവട ഇടപാട് ഈ നിയമത്തിന് ബാധകമല്ല. കൂടാതെ കച്ചവടാവശ്യങ്ങൾക്കുവേണ്ടി വാങ്ങുന്ന ഉല്പ്പന്നങ്ങൾക്കെതിരെയും പരാതിപ്പെടാൻ തരമില്ല

ഉപഭോക്താക്കൾക്ക് നേരിടേണ്ടിവരുന്ന ഏററവും കാതലമായ പ്രശ്നം മാർക്കററിൽ വില്ക്കപ്പെടുന്ന ഹാനികരമായതും ന്യൂനതയുള്ളതുമായ ഉല്പ്പന്നങ്ങൾ വിൽക്കപ്പെടാതിരിക്കാനും കണ്ടുകെട്ടാനുമുള്ള കൽപ്പന പുറപ്പെടുവിക്കാനുള്ള അധികാരം തർക്കപരിഹാര ഫോറങ്ങൾക്ക് ഇല്ല എന്നതാണ്.

ഇതിനെല്ലാം ഉപരിയായി കാണുന്ന ഒരു ഔചിത്യം നമ്മെയെല്ലാം ബാധിക്കുന്ന ഒന്നാണ് സർക്കാർ, അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾക്കെതിരെയുള്ള തർക്കപരിഹാരം തീർപ്പുകൽപ്പിക്കുമ്പോൾ അവരോട് ഉപഭോക്താക്കൾക്ക് നൽകാൻ വിധിക്കുന്ന നഷ്ടപരിഹാരത്തുക പൊതുഖജനാവിൽനിന്നും ഈടാക്കുന്നു എന്നതാണ്. ഈ മേഖലകളിലെ ഉദ്യോഗസ്ഥന്മാർ ചെയ്യുന്ന തെററിന് നികുതിദായകരെക്കൊണ്ട് ശിക്ഷയനുഭവിപ്പിക്കുന്നതിന് യാതൊരു നീതികരണവുമില്ല. അതിനുപകരം ഇതിനുത്തരവാദിയായ ഉദ്യോഗസ്ഥന്റെ ശമ്പളത്തിൽനിന്നും ഈ തുക ഈടാക്കാൻ വേണ്ട വ്യവസ്ഥ ഉണ്ടാക്കേണ്ടിയിരിക്കുന്നു

അതുപോലെ തർക്കപരിഹാരത്തിന് ഫോറത്തിൽ വരുന്നവർക്ക് അതിനോടനുബന്ധിച്ചുണ്ടാകുന്ന സാമ്പത്തിക നഷ്ടം എതിർകക്ഷികളെക്കൊണ്ട് കൊടുപ്പിക്കുവാൻ ഫോറങ്ങളിൽ ആവശ്യപ്പെടണം

ഉപഭോക്തൃ സംരക്ഷണ നിയമം ഫലപ്രദമായി നടപ്പാക്കുന്നതിന് ഇത് ഒരു ജനകീയനിയമമാക്കി മാറേറണ്ടിയിരിക്കുന്നു. എന്നാൽ മാത്രമെ കുടുംബകോടതികളെപ്പോലെ ഇതിന്റെ പരിധിയിൽ നിന്ന് വക്കീലന്മാരെ മാററിനിർത്താൻ കഴിയൂ. അല്ലാത്ത പക്ഷം വക്കീലന്മാർ നിയമത്തിന്റെ പഴുതുകൾ കണ്ടെത്തി നീതി ന്യായതർക്കം ഉണ്ടാക്കി പാവപ്പെട്ട ഉപഭോക്താക്കൾക്ക് നീതി നിഷേധിക്കുവാൻ ഇടയാക്കും. ഇന്ന് ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിലെ സാധാരണ കാഴ്ച ഒരു ഭാഗത്ത് പാവപ്പെട്ട പരാതിക്കാരനും മറുഭാഗത്ത് എതിർകക്ഷിക്കുവേണ്ടി ഹാജരാകുന്ന യൂണിഫോറം ധരിച്ച് ആംഗലഭാഷ സംസാരിക്കുന്ന പ്രഗത്ഭരായ വക്കീലന്മാരുമാണ് ആയതിനാൽ ഉപഭോക്തൃ ഫോറങ്ങളിൽ സാധാരണ പരാതിക്കാർക്കു കടന്നുചെല്ലാൻപററാത്ത സ്ഥിതിവിശേഷമാണ് സംജാതമായിട്ടുള്ളത്. നമ്മുടെ ഭാഷയിൽ നിയമത്തിലെ നൂലാമാലകൾ നോക്കി നമ്മെ രക്ഷപ്പെടുത്തുന്നവരെ നല്ല വക്കീലന്മാരാണെന്ന് പറയുന്നു.

അങ്ങിനെ നിയമത്തിന്റെ ഊരാക്കുടുക്കുകളിൽ സാമൂഹ്യനീതി പുറന്തള്ളപ്പെടുന്നു. നിയമത്തിന്റെ ഉദ്ദേശശുദ്ധിയെ വകവെക്കുന്നില്ല. ഒരു ഉദാഹരണം നോക്കാം. മായം ചേർത്ത ഐസ്ക്രീം വിററതിന് ഒരാളെ പിടി



ക്കപ്പെടുന്നു. എന്നിട്ട് സുപ്രീംകോടതിവരെ പോകുന്ന പ്രതി രക്ഷപ്പെടുന്നു. ഇത് എങ്ങിനെയെന്നു പരിശോധിക്കാം. സുപ്രീംകോടതിയിൽ പറയുന്നത് ഈ ഐസ്ക്രീം മായം ചേർത്തതാണെങ്കിലും അത് വിൽപ്പനക്ക് വച്ചിരുന്നതല്ല എന്നാണ്. വിൽപ്പനക്കായിരുന്നു വെച്ചിരുന്നതെന്ന് തെളിയിക്കാൻ കഴിഞ്ഞിട്ടില്ല. ഇതിന്റെ വിജയരഹസ്യം വക്കീലിനു കഴിവും എതിർകക്ഷിക്ക് സാമ്പത്തിക ശേഷിയും ഉണ്ടായിരുന്നു എന്നതാണ്. ഈ സ്ഥിതിവിശേഷത്തെ നേരിടാനുള്ള ഒരേയൊരു മാർഗ്ഗം ''സമ്മറിട്രയൽ'' നടത്തുക എന്നതാണ്. നമ്മുടെ നിയമങ്ങൾ ഇംഗ്ലീഷിലാണ് നിർമ്മിക്കുന്നത് എന്നതിനാൽ വക്കീലന്മാർക്ക് പഴുത് കണ്ടുപിടിക്കാൻ കഴിയാത്ത നിയമം ഉണ്ടാക്കാൻ കഴിയില്ല. അതിനാൽ സാമൂഹ്യക്ഷേമ നിയമത്തിലെ പഴുതുകൾ അടിയന്തര ഭേദഗതികൾമൂലം തടയാൻ കഴിയണം. അല്ലാത്തപക്ഷം വക്കീലന്മാർ ഈ ഫോറങ്ങളിൽ ഹാജരാവുന്നത് നിരോധിച്ചേ തീരൂ. കൂടാതെ നിയമനിർമ്മാണം മലയാളത്തിലാക്കണം. സമൂഹനന്മക്കുവേണ്ടി ഉണ്ടാക്കുന്ന നിയമം ലംഘിക്കപ്പെടുമ്പോൾ അത് ജാമ്യമില്ലാത്ത കുററമാക്കണം. അതിലുപരി കുററക്കാരനല്ല എന്നുതെളിയിക്കപ്പെടേണ്ട ചുമതല കുററം ആരോപിക്കപ്പെടുന്ന എതിർകക്ഷിക്കായിരുന്നു,

ഈ വ്യവസ്ഥിതിയിൽ ഉപഭോക്താവിന് രാജാവിന്റെ സ്ഥാനമുണ്ടെന്ന് പറയുന്നതിന് അർത്ഥമുണ്ടോ? പരിസരമലിനീകരണനിയന്ത്രണമായാലും, പരിസ്ഥിതി സംരക്ഷണമായാലും കുട്ടികൾക്കും മററുള്ളവർക്കുമുള്ള ആശ്രമമുണ്ടാക്കുന്നതിലായാലും ഉപഭോക്തൃ പരാതി പരിഹാരത്തിനുള്ള സംവിധാനം ഏർപ്പെടുന്നതിലായാലും, സർക്കാർ അവയുടെ ഉത്തരവാദിത്വങ്ങളിൽനിന്നും മാറിപ്പോകുന്നത് ഇന്ന് സാധാരണമായിരിക്കുന്നു. ഓരോ സ്റ്റേജിലും പ്രവർത്തനത്തിന് കോടതികളുടെ ഇടപെടൽ വേണമെന്നായിരിക്കുന്നു സുപ്രീംകോടതി ഇടപെട്ടിട്ടും 1991 ഒക്ടോബർ മാസം വരെ 1986-ൽ പാസാക്കിയ ഉപഭോക്തൃ സംരക്ഷണ നിയമം നടപ്പാക്കിയിട്ടില്ല എന്നത് ഇതിനൊരു മകുടോദാഹരണമാണ് ഇതുതന്നെയാണ് പരിസരസംരക്ഷണത്തിന്റെയും ഗതി. ഫോറങ്ങൾ ഏർപ്പെടുത്തുക എന്നത് ആദ്യത്തെപടി മാത്രമേ ആകുന്നുള്ളൂ. അതിനുശേഷം ഈ ഫോറങ്ങൾക്ക് എത്രത്തോളം സ്വതന്ത്രമായി പ്രവർത്തിക്കുവാൻ കഴിയുമെന്നത് കണ്ടറിയേണ്ടതാണ്. ഇതാണ് രണ്ടാമത്തെപടി. മൂന്നാമതായി, ഉപഭോക്തൃ ഫോറങ്ങളിൽ പ്രഖ്യാപിക്കുന്ന ഉത്തരവുകൾ നടപ്പാകാനുള്ള സംവിധാനം ഇന്നില്ല എന്നതാണ്. ഉപഭോക്തൃ ഫോറങ്ങളും മററും സ്ഥാപിച്ചാലും പൊതുജനോപകാരപ്രദമായ സേവനങ്ങളുടെ മേൽ അധികാരം ശക്തിയാംവണ്ണം ഇല്ലാതാകുന്നതിനാൽ ഈ നിയമവും കരത്തില്ലാതാകും. ഇതനുസരിച്ച് ലക്ഷമോ അതിലധികമോ രൂപ പ്രതിഫലം കിട്ടാനുള്ള പരാതികൾക്കായിരിക്കും മുൻഗണന. 'ശങ്കരൻ പിന്നെയും തെങ്ങേൽ' എന്ന് കേട്ടിട്ടില്ലേ? പാവം ഉപഭോ

ക്താക്കൾ.

കൂടാതെ സഹായകരമല്ലാത്ത നമ്മുടെ കമ്പോളവിപണന സാമാന്യ ജ്ഞാനവും ഉപഭോക്തൃ പ്രസ്ഥാനത്തിന്റെ വളർച്ചയെ അനുകൂലിക്കുന്നില്ല. മററു രാജ്യങ്ങളിൽ ഉപഭോക്താവിന് രാജാവിന്റെ സ്ഥാനമാണുള്ളത്. കാരണം ഉപഭോക്താവാണ് അവിടുത്തെ വിപണനം നിയന്ത്രിക്കുന്നത് ഇൻഡ്യയിലാണെങ്കിൽ ഉപഭോക്താക്കൾ എല്ലാ വിധത്തിലും എല്ലാ തുറകളിലും ആയത് വില ഗുണനിലവാരത്തിലും അളവിലും വഞ്ചിക്കപ്പെടുന്നു. ഇങ്ങിനെ ഉപഭോക്താവാണ് രാജാവെന്ന ധാരണ പരിഹസിക്കപ്പെടുന്നു. ഇതിനൊരു മകുടോദാഹരണമാണ് ഇന്നത്തെ തേയില, പഞ്ചസാര, എണ്ണവിലകൾ

ഇവിടെ നമുക്ക് മനസിലാവാത്ത ശ്രദ്ധേയമായകാര്യം ഒന്നാണ്. അതാത് മൊത്തമായ ഉല്പാദനം നടക്കുന്നതും വില വർദ്ധന സ്വയം നിയന്ത്രിക്കുന്നതും വളരെ കുറഞ്ഞ വിലയ്ക്ക ഗുണമേന്മയേറിയ ധാരാളം സാധനങ്ങൾ ഇഷ്ടംപോലെ ലഭിക്കുന്നതും ആയ ഒരു കാര്യമാണ് ഉപഭോക്താവിന് രാജാവിന്റെ സ്ഥാനമാണുള്ളതെന്നാണ്.

മറിച്ച് ഇൻഡ്യയെപ്പോലുള്ള ഒരു രാജ്യത്ത് അത്യന്താപേക്ഷിതമായ ഈ പ്രസ്ഥാനം ഇവിടെ വളരുന്നില്ല എന്നത് ഖേദകരം തന്നെയാണ്. നമ്മുടെ രാജ്യത്തുണ്ടെങ്കിൽ ലഭ്യതയുടെ കുറവുമൂലം നമുക്ക് തിരഞ്ഞെടുക്കാൻ പററുന്നില്ല' ഇവിടത്തെ വ്യവസായശാലകൾ അത്യാവശ്യസാധനങ്ങൾ മാത്രം ഉത്പാദിപ്പിക്കുമ്പോൾ ഉപഭോക്തൃതാല്പര്യങ്ങൾ അവഗണിക്കപ്പെടുന്നു. വില്പനാനന്തരസേവനങ്ങൾ തീരെയില്ലാ എന്നുവേണം പറയുവാൻ ഇൻഡ്യൻ കമ്പോളങ്ങളിലെ സ്ഥിതിവിശേഷം മററുരാജ്യങ്ങളിൽ ഇല്ലാത്ത ഒന്നാണ്. മായംചേർത്തതും ഹാനികരവുമായ മരുന്നുകൾപ്പെടെയുള്ള ഉൽപന്നങ്ങൾ 40 ശതമാനത്തോളം വരും. കാറിന്റെ സ്പെയറുകളിൽ 80 ശതമാനം ഗുണനിലവാരം ഇല്ലാത്തതാണ് 'പൽമോലീവ് ഇൻഡ്യ' അവർ വിററുവരുന്ന 90 ശതമാനം വരുന്ന 14 ഉത്പന്നങ്ങൾ മായം കലർന്നതാണെന്ന് പറയുന്നു' ഇങ്ങിനെ ഒരുബോധവൽക്കരണപരിപാടി നിർത്തിവെക്കേണ്ടിവന്നിരിക്കയാണ്, നമ്മുടെ കടകളിൽ ലഭിക്കുന്ന, തുണിത്തരങ്ങളുടെ ഗുണനിലവാരത്തകർച്ചയെക്കുറിച്ച് വിസ്മരിക്കുകയായിരിക്കുമല്ലത്, വൈദ്യുതി ഉപയോഗിക്കുന്ന 7 ഗൃഹോപകരണങ്ങൾക്ക് ഐ എസ്. ഐ. നിർബന്ധമാക്കിയപ്പോൾ ചെറുകിട വ്യവസായ ശൃംഖലകളുടെ സമ്മർദ്ദംമൂലം ഈ നിർബ്ബന്ധം ഗുണമേന്മ



ഉത്തരവ് മൂന്നുമാസത്തിനുള്ളിൽ പിൻവലിക്കപ്പെട്ടതിന്റെ ഫലമായി ഇന്ന് മാർക്കററിൽ കിട്ടുന്ന 70 ശതമാനത്തോളം വൈദ്യുത ഗൃഹോപകരണങ്ങളും കൃത്രിമമാണെന്ന് കാണാം, വൻകിടക്കാർ നിർമ്മിക്കുന്ന ഇവ ചെറുകിടക്കാരുടെ പേരിലാണ് വിററഴിക്കുന്നത്, ഇന്ന് കടകളിലെ നമ്മുടെ അവസ്ഥ ഇരുട്ടുമുറിയിൽ കറുത്ത പൂച്ചയെ തിരയുന്നതരത്തിലുള്ളതാണ്", മാനസികനില' വീക്ഷണം അജ്ഞത നിർവികാരത എന്നിവയാണ് ഉപഭോക്തൃപ്രസ്ഥാനത്തിന്റെ വളർച്ചക്ക് വിലങ്ങുതടിയായി നിൽക്കുന്ന പ്രധാന കാരണങ്ങൾ

ഉപഭോക്താവിന്റെ അവകാശ സംരക്ഷണത്തിനുവേണ്ടി രംഗത്തിറങ്ങാൻ തയ്യാറാകാതെ ഈ സംരക്ഷണത്തിനു വേണ്ടുന്നതെല്ലാം ഉപഭോക്തൃസമിതികൾ ചെയ്യണമെന്നു പ്രതീക്ഷിക്കപ്പെടുന്നു. ഇവിടെ വിസ്മരിക്കപ്പെടുന്നു കാര്യം ഉപഭോക്തൃസമിതികളുടെ പങ്ക് ഉപഭോക്താവിനു വേണ്ട വിജ്ഞാനം പകർന്നു കൊടുക്കുകയും അവരെ വേണ്ട വിധത്തിൽ നയിക്കുകയും ചെയ്യുക എന്നതാണെന്ന കാര്യം മറക്കുന്നു. നമ്മുടെ ഉപഭോക്താക്കളുടെ പരാതി അവർക്ക് അതിനുള്ള സമയവുംകഴിവും ഇല്ലഎന്നതാണ്. പിന്നെ ഈ സംഘടനകൾക്ക് എങ്ങനെയാണ് സമയമുണ്ടാകുകഎന്ന് അവർ ആലോചിക്കുന്നില്ല.

കൊളോണിയൽ ഭരണ കാലത്തെ ജനതയുടെ മനോഭാവം തന്നെയാണ് നമ്മളെ ഇപ്പോഴും ഭരിക്കുന്നത്. സ്വാശ്രയത്തിനുള്ള ശ്രമങ്ങൾക്ക് പകരം സഹായങ്ങൾക്കും സഹാനുഭൂതിയ്ക്കും വേണ്ടി അന്യരെ നോക്കുന്ന ഈ ശീലം ഈ മനോഭാവത്തിന്റേതാണ്. ഇൻഡ്യക്കാർ വിദേശത്തേയ്ക്ക് നോക്കുമ്പോൾ, കേരളീയർ കേന്ദ്രത്തിനു മുൻപിൽ അണി നിരക്കുമ്പോൾ, ഉപഭോക്താക്കൾ ഉപഭോക്തൃ സമിതിക്കു മുന്നിൽ അണിനിരക്കുന്നു. കാലത്തിനൊത്ത് നീങ്ങണമെങ്കിൽ ഈ ചിന്താഗതി മാററിയേ തീരൂ മററു രാജ്യങ്ങളിൽ ഉപഭോക്താക്കൾ നിലവാരമില്ലാത്ത ഉൽപ്പന്നങ്ങളെയും സേവനങ്ങളേയും തള്ളിക്കളയുകയും ഒന്നാം ക്ലാസ്സ് വില രണ്ടാം തരം ഉല്പന്നങ്ങൾക്ക് കൊടുക്കാതിരിക്കുകയും ചെയ്യുമ്പോൾ, നമ്മുടെ രാജ്യത്ത് എന്തു വിററാലും നാം അത് സന്തോഷത്തോടെ കൈനീട്ടി വാങ്ങുന്നു, നമ്മൾ ഗുണമേന്മ നോക്കാതെ വിലകുറഞ്ഞ സാധനങ്ങൾ വാങ്ങുന്നു നാം വില വർധനയെ എതിർക്കുമ്പോൾ കുറഞ്ഞ ഗുണനിലവാരത്തെ കുറിച്ച് ഒന്നും ചിന്തിക്കുന്നില്ല. ഈയിടെ അമേരിക്ക സന്ദർശിക്കാൻ പോയ ഇൻഡ്യൻ ടൂറിസ്റ്റുകളുടെ അ

നുഭവം ഓർക്കുന്നത് നന്നായിരിക്കും ഗുണം കുറഞ്ഞ സാധനങ്ങൾ എവിടെ കിട്ടുമെന്നന്വേഷിച്ചപ്പോൾ ഇൻഡ്യൻ എംബസിയിൽ അന്വേഷിക്കണമെന്നും അവരുടെ കയ്യിൽ ഗുണമേന്മയുള്ള സാധനങ്ങളുടെ പട്ടിക മാത്രമേയുള്ളുവെന്നും പറയുകയുണ്ടായത്രെ. നമ്മുടെ മന്ത്രിമാർ വിദേശരാജ്യങ്ങളിൽ പോയപ്പോൾ നല്ല സ്റ്റെബിലൈസർ വാങ്ങാൻ ചെന്നവരോട്, സ്റ്റെബിലൈസർ ഇൻഡ്യയിൽ മാത്രമേ കിട്ടുകയുള്ളു എന്ന് അവർ പറഞ്ഞുവത്രെ. ഗുണമെന്ന പദത്തിന് നാം ഉദ്ദേശിക്കുന്ന അർത്ഥം ഉപയോഗത്തിനുള്ള അനുയോജ്യതയും പണത്തിനുള്ള മൂല്യവുമാണ്. (''ഫിറ്റ്നസ് ഫോർയൂസ് ആൻറ് വാല്യു ഫോർ മണി) പക്ഷെ ഇന്നത്തെ സമ്മിശ്ര സമ്പദ് വ്യവസ്ഥയിൽ അടിച്ചേല്പിക്കപ്പെടുന്ന വിലവർദ്ധനമൂലം വഞ്ചിക്കപ്പെടുന്ന ഉപഭോക്താവിനു ചെറിയ സംരക്ഷണമെങ്കിലും കിട്ടണമെങ്കിൽപ്പോലും നാം വിശ്രമമില്ലാതെ, പല മടങ്ങുകളിലുള്ള പ്രവർത്തനശൈലികൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. ഇന്ന് നമ്മുടെ ഭരണകർത്താക്കളുടെ നിലപാട് മുയലിനോടൊപ്പവും, വേട്ടനായ്ക്കളുടെ ഒപ്പവും ഓടുന്നതരത്തിലാണ്. ചുരുക്കത്തിൽ ഉപഭോക്താക്കളായ നാം ഓരോരുത്തരും നമുക്ക് ലഭിക്കുന്ന രണ്ടാം തരം ഉല്പ്പന്നങ്ങളും സേവനങ്ങളും തിരസ്ക്കരിക്കാൻ തയ്യാറാകാത്തിടത്തോളം എത്രയധികം ഉപഭോക്തൃ സംരക്ഷണനിയമങ്ങൾ ഉണ്ടാക്കിയാലും നമുക്ക് സഹായകമാവുകയില്ല.

നാം കൊടുക്കുന്ന പണത്തിന് അതിൻെറതായ മുഴുവൻ മൂല്യവും നമുക്ക് ലഭിക്കുന്നതുവരെ നാം സമരത്തിന് തയ്യാറാകേണ്ടിയിരിക്കുന്നു.

അന്തിമമായ അപഗ്രഥനത്തിൽ, ഒരു രാജ്യത്തിന് അതർഹിക്കുന്നതരത്തിലുള്ള ഒരു ഭരണകൂടത്തെ കിട്ടുമെന്ന ഒരു ചൊല്ലുള്ളതുപോലെ, ഓരോ ഉപഭോക്താവിനും ആ ഉപഭോക്താവ് സ്വീകരിക്കുന്നതിന് തയ്യാറുള്ളപോലെയുള്ള ഉല്പ്പന്നങ്ങളും സേവനങ്ങളുമാണ് ലഭിക്കുക.

നിർഭാഗ്യവശാൽ നമ്മുടെ ഭാരതത്തിൽ 100 ശതമാനം സേവനങ്ങളും ഉൽപ്പന്നങ്ങളും ഗവൺമെൻറ് തരുന്നുണ്ട്. നമുക്ക് ലഭിക്കുന്നത് കൈനീട്ടി സ്വീകരിക്കുകയല്ലാതെ വേറെ ഒരു പോംവഴിയുംഇല്ലാതായിരിക്കുന്നു. ഇതാണ് നമ്മുടെരാജ്യത്ത് ഉപഭോക്തൃ പ്രസ്ഥാനം വളർന്ന് പന്തലിക്കാത്തത്. കൂടാതെ ഗവൺമെൻറ് നിയന്ത്രണത്തിലുള്ള കുത്തകമേഖലയിൽ പ്രവർത്തിക്കുന്ന സാമ്പത്തിക സംവിധാനത്തിൽ ഈ പ്രസ്ഥാനത്തിന് അർത്ഥവുമില്ലാതായിരിക്കുന്നു. അതായത് റഷ്യയിലോ ചൈനയിലോ ഒരു ഉപഭോക്തൃ പ്രസ്ഥാനം തുടങ്ങിവയ്ക്കുന്നതുപോലെയാണിത്. പക്ഷെ ഉപഭോക്താവിനുവേണ്ടി ഏററവും അധികം വാദിച്ച മഹാത്മാഗാന്ധി ഉണ്ടായിട്ടും ഉപഭോക്തൃപ്രസ്ഥാനം ഇന്നുംഒരുആരംഭശൈശവദശയിൽ കഴിഞ്ഞുകൂടുന്നത് എന്തൊരു വിരോധാഭാസമാണ്.



## ഉപഭോക്തൃ സംരക്ഷണം—മററുരാജ്യങ്ങളുമായി ഒരു താരതമ്യപഠനം:

ഉപഭോക്തൃസംരക്ഷണത്തിൻെറ വിജയം, അന്യോന്യം ബന്ധപ്പെട്ട രണ്ട് കാര്യങ്ങളെഅനുസരിച്ചിരിക്കുന്നതു കാണാം. അതായത് ഉപഭോക്താവെന്ന നിലയിലുള്ള ബോധവും, അച്ചടക്കവും, ഉപഭോക്തൃപ്രസ്ഥാനത്തിൻെറ പ്രവർത്തനക്ഷമതയും.

മററു രാജ്യങ്ങളിൽ ഉപഭോക്തൃനിയമങ്ങൾ അവർക്ക് എങ്ങനെ സഹായമാകുന്നു എന്ന് നോക്കി നമുക്കും അതുപോലെ പ്രവർത്തിക്കാൻ കഴിയണം. നമ്മുടെ അവകാശങ്ങൾ നേടിയെടുക്കാൻ മററു രാജ്യങ്ങളിലെ നിയമപ്രശ്നങ്ങൾ ഉദ്ധരിച്ച് സമർത്ഥിക്കാൻ കഴിയണം. പക്ഷെ നമ്മളെ അലട്ടിക്കൊണ്ടിരിക്കുന്ന പ്രശ്നം പുറംനാടുകളിലെ അന്തരീക്ഷമല്ല നമ്മുടെ ഭാരതത്തിൽ എന്നതാണ്. നമുക്ക് തികച്ചും വ്യത്യസ്തമായ ഒരു കാഴ്ച്ചപ്പാടിൽ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. അതിന് നമ്മുടെ നാട്ടിലെ യഥാർത്ഥസ്ഥിതി ആദ്യം മനസ്സിലാക്കേണ്ടതുണ്ട്.

നമ്മുടെ നാട്ടിൽ ഉപഭോക്തൃപ്രശ്നങ്ങൾ വരുമ്പോൾ അത് കേന്ദ്ര, സംസ്ഥാന ഗവൺമെൻറുകളുമായി ഒരു ഏററുമുട്ടൽ വേണ്ടിവരുന്നു. ഇവിടെ അത് രാഷ്ട്രീയപാർട്ടികളുടെ അന്തസ്സിൻെറ പ്രശ്നമാകുന്നു. മററു നാടുകളിൽ അങ്ങിനെയല്ല. അവിടങ്ങളിൽ ഗവൺമെൻറ് ജനങ്ങളെ അനുകൂലിക്കുന്നു. അതിനാൽ, നാട്ടുകാരുടെ രാഷ്ട്രീയത്തിനതീതമായ പിന്തുണയുണ്ടെങ്കിലേ, നമുക്ക് വിജയസാധ്യതയുണ്ടാകൂ. ഒരു പ്രസ്ഥാനമായി വളരുന്നതുവരെ പിന്തുണ അത്യാവശ്യമാണ്.

കൂടാതെ പ്രശ്നങ്ങളെ തട്ടിമാററി ഉദ്ദേശങ്ങളും ലക്ഷ്യങ്ങളും വ്യക്തമാക്കി മുന്നോട്ടു പോകാൻ നമ്മുടെ ഉപഭോക്തൃസംരക്ഷണമുന്നേററത്തെ ഒരു ക്രോസ് കൾച്ചറൽ നിരീക്ഷണത്തിന് വിധേയമാക്കേണ്ടതുണ്ട്. ഇന്നത്തെ നിലയിൽ നമുക്ക് ഉപഭോക്തൃസംരക്ഷണം വേണമെങ്കിൽ വളരെ മുന്നോട്ടു പോകേണ്ടതായിട്ടുണ്ട്.

നമ്മുടെനാട്ടിലെ നിയമങ്ങളിൽ കണ്ടുവരുന്ന, നിറവേററപ്പെടാത്തതും യഥാർത്ഥ്യമായ വാഗ്ദാനങ്ങൾ കാരണം ഒരോ ഉപഭോക്താവും അനീതിക്കടിമപ്പെട്ടു നിരാശ നിസ്സഹായത നേരിടുന്നു. ഈ അവസ്ഥക്ക് എങ്ങിനെ ഒരു മാററം ഉണ്ടാക്കാമെന്നാലോചിക്കേണ്ടിയിരിക്കുന്നു.

ഇതിനുള്ളൊരുപോംവഴി ഉപഭോക്താക്കൾ സംഘടിക്കുക എന്നതാണ്. ഇതിനൊരു തുടക്കം കുറിച്ചിട്ടുണ്ടെന്നത് ചാരിതാർത്ഥ്യജനകമാണ്. പക്ഷെ എല്ലാവരെയും സംഘടിപ്പിക്കുക എന്നത് അസാദ്ധ്യമായ ഒന്നാണെന്ന് കാണാം. തലയെണ്ണി സംഘടിപ്പിക്കുക എന്നത് അർത്ഥവത്തല്ല, ശരിയായ സംരക്ഷണത്തിന് അടിസ്ഥാനപരമായി രണ്ട് തുറകളിൽ അഥവാ രംഗങ്ങളിൽ പ്രവർത്തിക്കേണ്ടതുണ്ട്.

ഒന്നാമതായി, ഇതിൽ വിശ്വാസമുണ്ടാകണമെങ്കിൽ അടിയന്തരപരിഹാരങ്ങൾ കാണാൻ കഴിയണം. ഇത് തീർത്തും അസാധ്യമായ ഒന്നാണെന്ന്, കഴിഞ്ഞകാലപരീക്ഷണങ്ങൾ തെളിയിച്ചിട്ടുണ്ട്. കൂടാതെ ഇത് നിരാശബോധം ഉളവാക്കുന്ന ഒന്നായി മാറുകയും ചെയ്യുന്നു.

രണ്ടാമതായി ഒരു സാധാരണക്കാരൻെറ കാഴ്ചപ്പാടിൽ പൊതുജന താൽപര്യമുള്ള കാര്യങ്ങളിൽ ഇടപെട്ട് വിജയം കണ്ടെത്തുക എന്ന

ത്, വിജയസാദ്ധ്യതയുള്ള ഒന്നായി കാണാം. ഉദാഹരണത്തിന് വൈദ്യുതി സ്ലാബ് ഇല്ലാതാക്കി സ്വയം മീറ്റർ റീഡിംഗ് ഏർപ്പെടുത്താനും, ബസ്നിരക്ക് ശാസ്ത്രീയമാക്കാനും, കുടിവെള്ളത്തിന്റെ ലഭ്യതയുടെ പേരിലും നടത്തുന്ന സമരങ്ങൾ.

ഒന്നും രണ്ടും മാർഗ്ഗങ്ങൾ തമ്മിലുള്ള സാദൃശ്യംനിമിത്തം ഏതിനുവേണ്ടി നാം പ്രവർത്തിക്കണമെന്ന് നോക്കാം. പൊതുജന താൽപ്പര്യമുള്ള പ്രധാന കാര്യങ്ങൾക്കായിരിക്കണം മുൻഗണന നൽകേണ്ടത്. ഉപഭോക്തൃ ഫോറങ്ങളുടെ മുന്നിലും ഇത്തരം പ്രധാന പ്രശ്നങ്ങൾക്കായിരിക്കണം മുൻതൂക്കം. അതേസമയം വ്യക്തികളുടെ പരാതികളും അവഗണിക്കാൻ വയ്യ, ഇന്ത്യയിലെ ചുരുക്കം ചില സംഘടനകൾക്കുമാത്രമേ ഈ രണ്ടുകാര്യങ്ങളിലും ശ്രദ്ധചെലുത്തുവാൻ കഴിഞ്ഞിട്ടുള്ളൂ. അതുകൊണ്ടുതന്നെ ഭാരതത്തിലെ ഉപഭോക്തൃ സംരക്ഷണമുന്നേറ്റത്തിന് സംസ്ഥാന അംഗീകാരം കിട്ടാൻ നാം വളരെ മുന്നേറേണ്ടിയിരിക്കുന്നു.

ഇനി ഇംഗ്ലണ്ടിലെ ഉപഭോക്തൃ സംരക്ഷണം എങ്ങിനെയെന്നുനോക്കാം. അവിടെ പരാതികൾ ഉണ്ടായിട്ട് പരിഹരിക്കപ്പെടുന്നതിനുപകരം, പരാതികൾ ഉണ്ടാകാതിരിക്കുവാനുള്ള സംവിധാനമാണ് ഉപഭോക്തൃ സമിതികൾ അവലംബിക്കുന്നത്. രോഗംവന്ന് ചികിൽസിക്കുന്നതിനുപകരം രോഗം വരാതെ നോക്കുകയല്ലേ നല്ലത്, പിന്നെ രോഗം വന്നാൽ ചികിൽസിക്കാതിരിക്കാനും വയ്യല്ലോ. രണ്ടും ഒരുപോലെ പ്രാധാന്യമർഹിക്കുന്നു.

ഉപഭോക്താക്കളെ വലക്കുന്ന ഒന്നാണ് ക്രഡിററ് സൗകര്യങ്ങളും മററും. ഇതുമൂലം നമ്മൾ ഓരോരുത്തരും നമ്മളറിയാതെ പണം ചിലവഴിക്കുന്നു. കടബാദ്ധ്യതയിൽ കുടുങ്ങി അതിൽനിന്നും മോചനത്തിന് വെമ്പൽകൊള്ളുന്നു. മനുഷ്യന്റെ ലാഭേച്ഛയെ മുതലെടുത്ത് നടത്തുന്ന കഴിവുനൽകിയും വിലകുറച്ചുമുള്ള വിൽപ്പനകൾ, വിലപേശൽ കൂടാതെ അത്യാവശ്യവസ്തുക്കളും വരെയും കീഴ്പ്പെടുത്തുന്നു. "ഹയർ പർച്ചേയ്സ് നിയമം" ഉണ്ടാക്കിയിട്ടുണ്ടെങ്കിലും ഇനിയും അത് നടപ്പാക്കിയിട്ടില്ല. മററു രാജ്യങ്ങളിൽ എല്ലാ സേവനങ്ങൾക്കും, പൊതുജനങ്ങളോട് കടപ്പാടും ഉത്തരവാദിത്വവുമുള്ളപ്പോൾ, നമ്മുടെ രാജ്യത്ത് ഇങ്ങിനെ ഒന്ന് ഇല്ല എന്നത് ഖേദകരമാണ്. ഇങ്ങിനെ പ്രവർത്തനക്ഷമമല്ലാത്ത സേവനങ്ങളും മായം കലർന്ന ഉൽപ്പന്നങ്ങളും പൊതുജനങ്ങൾക്ക് തലവേദനയുണ്ടാക്കാതിരിക്കാൻ ശ്രദ്ധിച്ചാൽ എത്ര പരാതികൾ ഒഴിവാക്കാമായിരുന്നു. മററുസമ്പന്ന രാജ്യങ്ങളിൽ പലതരത്തിലുള്ള സംരക്ഷണങ്ങൾ നടപ്പാക്കുമ്പോൾ നമ്മുടെ രാജ്യത്ത് നമ്മെ രക്ഷിക്കുവാൻ വരുന്ന കള്ളരക്ഷകരെ സൂക്ഷിക്കുവാനുള്ള ചുമതല കൂടി നമുക്ക് വന്നുചേരുന്നു. നമുക്കിന്ന് അത്യാവശ്യമായിട്ടുള്ള ഒന്നാണ് മററുരാജ്യങ്ങളിൽ ധാരാളമായി കണ്ടുവരുന്ന ഉപഭോക്താക്കൾക്കൊരു വഴികാട്ടി. ഇതുകൊണ്ടുദ്ദേശിക്കുന്നത് എങ്ങിനെ ഉൽപ്പന്നങ്ങൾ വാങ്ങാൻ ശ്രമിക്കണം, എന്തെല്ലാംഗുണദോഷങ്ങൾ നോക്കണം തുടങ്ങി എല്ലാം പ്രതിപാദിക്കുന്ന ഒരു പ്രസിദ്ധീകരണമാണ്. ഉപഭോക്താക്കളെ പരസ്യത്തിന്റെ മായാലോകത്തിൽനിന്നും രക്ഷിക്കാനും ഉപഭോക്തൃവിദ്യാഭ്യാസം വഴി പ്രതികരണശേഷി ഉണ്ടാക്കാനും നമുക്ക് സാധിക്കണം.

Digitized by Thomas John Palekkudy for and on behalf of NILA Educational & Entrepreneurial Services Pvt. Ltd. Thomas John Palekkudy



ഈ അവസരം ഉപഭോക്തൃ സമിതികളുടെ രൂപീകരണത്തിന്റെ ആവശ്യം മുകളിൽ പറഞ്ഞ കാര്യങ്ങൾ മൂലം എത്ര അനിവാര്യമാണെന്ന് മനസ്സിലായിട്ടുണ്ടാകുമല്ലോ.

നമ്മുടെ രാജ്യത്തിന് മതത്തിന്, വർഗ്ഗത്തിന്, രാഷ്ട്രത്തിന്, സമുദായത്തിന്, വർണ്ണത്തിന് അതീതമായി എല്ലാവർക്കും ഒന്നായി ഒന്നായി പ്രവർത്തിക്കുവാൻ സാധിക്കുന്ന പ്രസ്ഥാനമാണ് ഉപഭോക്തൃ പ്രസ്ഥാനം.

ഉപഭോക്തൃസമിതികൾ അൻപതുവീടുകൾ ഉള്ളയിടത്തെങ്കിലും രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കണം. ആ പ്രദേശത്തെ എല്ലാവരെയും സമിതിയിൽ അംഗമാക്കണം. സ്ത്രീയെന്നോ പുരുഷനെന്നോ വ്യത്യാസമില്ലാതെ എല്ലാവരും അംഗമായിചേർന്ന് രാഷ്ട്രീയ മത വർഗ്ഗ ചിന്തകൾക്ക് അതീതമായി പ്രവർത്തിക്കുവാൻ സാധിക്കുന്ന പ്രത്യേകിച്ചും രാഷ്ട്രീയ പാർട്ടികളുടെ ഔദ്യോഗിക ഭാരവാഹിസ്ഥാനം വഹിക്കാത്ത വ്യക്തികളെ ഭാരവാഹികളായി തിരഞ്ഞെടുക്കുക.

സമിതികൾ പ്രവർത്തിക്കുന്നതിന് രജിസ്ട്രേഷന്റെ ആവശ്യമില്ല. ചാരിററബിൾ സൊസൈററി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്യുന്നത് നല്ലതാണ്, അതാത് ജില്ലകളിലെ ജില്ലാ രജിസ്ട്രർ ഓഫീസിലാണ് രജിസ്ട്രേഷൻ നടത്തേണ്ടത്/സ്വീകരിക്കുക

ഉപഭോക്തൃ സമിതികൾ രൂപീകരിക്കുന്നതിന് നിയമാവലി ആവശ്യമുള്ളവർ അഞ്ചുരൂപ കൺസ്യൂമർ ന്യൂസ് – ബുക്ക് ക്ലബ് – പായം — 670 704 എന്ന വിലാസത്തിൽ അയച്ചാൽ നിയമാവലി അയച്ചുതരുന്നതാണ്. ഈ നിയമാവലിയിൽ ഓരോ പ്രദേശത്തും ഉള്ളവർക്ക് അവിടത്തെ സാഹചര്യമനുസരിച്ച് വേണ്ടഭേദഗതികൾ വരുത്താവുന്നതാണ്.

സമിതിയിൽ പ്രസിഡന്റ് വൈസ് പ്രസിഡന്റ്–ജനറൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി–ട്രഷറർ–എക്സിക്യൂട്ടീവ് കമ്മററി മെമ്പർമാർ എന്നിവർ അടക്കം ആവശ്യത്തിന് അംഗങ്ങൾ ഉണ്ടാകാം.

ഇൻഡ്യയിൽ എല്ലാ സ്ഥലത്തും സമിതികൾ രൂപീകരിക്കുന്നതിനും വേണ്ട ഉപദേശനിർദ്ദേശങ്ങൾക്കും നാഷണൽ ഓർഗനൈസേഷൻ ഫോർ കൺസ്യൂമർ എഡ്യൂക്കേഷൻ ആൻറ് റിസർച്ച് അതിന്റെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള പ്രവർത്തകർ വഴി ശ്രമിച്ചുകൊണ്ടിരിക്കണം. ആർക്കെങ്കിലും സഹായം ആവശ്യമുണ്ടെങ്കിൽ NOCER–INDIA–670704 എന്ന വിലാസത്തിൽ ബന്ധപ്പെടാവുന്നതാണ്.

# ഉപഭോക്താക്കൾ വായിക്കേണ്ടും പുസ്തകങ്ങൾ

1 ഉപഭോക്തൃ സംരക്ഷണ നിയമം
സാധാരണക്കാരന്റെ നിയമം — വില 2 രൂപ

2. ഉപഭോക്തൃ സംരക്ഷണ നിയമം
വനിതകളുടെ പങ്ക് — വില 2 രൂപ

3. ഉപഭോക്തൃ തർക്ക പരിഹാര
ഫോറത്തിൽ പരാതി സമർപ്പിക്കുന്നതെങ്ങനെ? വില 3 രൂപ

4. പോലീസും ജനങ്ങളും — വില 3 രൂപ

5. അളവുകളും തൂക്കങ്ങളും ഒരു വിശദീകരണം വില 2 രൂപ

6. മായം ചേർക്കൽ കണ്ടുപിടിക്കുന്നതെങ്ങനെ? വില 2രൂപ

7. തിരഞ്ഞെടുത്ത തർക്ക പരിഹാര
ഫോറം വിധികൾ — വില 3 രൂപ

8. ബിസ്സും ഉപഭോക്താവും — വില 3 രൂപ

9 ഉപഭോക്തൃസംരക്ഷണ നിയമം-1986
1993-ലെ ഭേദഗതികൾ ഉൾപ്പെടെ — വില 8 രൂപ

10. എന്തിനെല്ലാം പരാതി സമർപ്പിക്കാം? — വില 2 രൂപ

11. ഉപഭോക്താക്കൾ അറിയേണ്ടും കാര്യങ്ങൾ — വില 2 രൂപ

12. ഉപഭോക്തൃ സംരക്ഷണ സമിതികളുടെ
രൂപീകരണവും പ്രസക്തിയും — വില 2 രൂപ

13. ഗാന്ധിയൻ ആദർശങ്ങളും ഉപഭോക്തൃ
സംരക്ഷണ നിയമവും — വില 2 രൂപ

14. ഹായ് ഐസ്ക്രീം (കുട്ടികളുടെ ഉപഭോക്തൃ
വിദ്യാഭ്യാസ പുസ്തകം) — വില 1 50

15. അഭിഭാഷകരെക്കുറിച്ച് നിങ്ങൾക്ക് എന്തറിയാം? വില 3 രൂപ

16. ലഹരിയും ഉപഭോക്താവും — വില 2 രൂപ

17. കർഷകനും ഉപഭോക്തൃ സംരക്ഷണ നിയമവും
വില 2 രൂപ

18. വൈദ്യുതിയും ഉപഭോക്താവും — സംഭാവന 3 രൂപ

19. ഉപഭോക്താ ജാഗരൂകതാ ഏവം സംരക്ഷൺ (ഹിന്ദി)
വില 3.50

എല്ലാ പുസ്തകവും ഒരുമിച്ചു വാങ്ങുന്നവർക്ക് പോസ്റ്റേജ് സൗജന്യം. പണം മണി ഓർഡറായി മുൻകൂർ അടയ്ക്കുക.

കോപ്പികൾക്ക്:
കൺസ്യൂമർ ന്യൂസ് ബുക്ക് ക്ലബ്ബ്, എടൂർ, പായം—670 704